എസ്.പി2/42544/2013/ഡി.പി.ഐ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം,
തീയതി :12/02/2014.

## സർക്കുലർ

വിഷയം:- പൊതുവിദ്യാഭ്യാസം-സൗജന്യ സ്കൂൾ യൂണിഫോം തുണിത്തരങ്ങൾ വിതരണം- സംബന്ധിച്ച്

സൂചന:- ഈ ഓഫീസിലെ 05/12/13, 13/12/13, 07.01.14 എന്നീ തീയതികളിലെ ഇതേ നമ്പർ സർക്കുലറുകൾ.

--------

സൂചനയിലെ സർക്കുലറുകൾ പ്രകാരം ഈ ഓഫീസിൽ നിന്നും നൽകിയിട്ടുളള മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ച് എല്ലാ പ്രധാനാദ്ധ്യാപകരും എംപാനൽ ചെയ്ത കമ്പനികളിൽ നിന്നോ, ക്വാളിറ്റി സർട്ടിഫിക്കറ്റ് ഉറപ്പാക്കി പൊതുവിപണിയിൽ നിന്നോ 17.01.2014നകം സപ്ലൈ ഓർഡർ നൽകി യൂണിഫോം തുണിത്തരങ്ങൾ വാങ്ങാൻ നിർദ്ദേശം നൽകിയിരുന്നു. മേൽപറഞ്ഞ പ്രകാരം തുണിത്തരങ്ങൾ വാങ്ങുമ്പോൾ ഈ ഓഫീസിൽ നിന്നും 05.12.13ലെ സർക്കുലറിനോടൊപ്പം അനുബന്ധം നാലിൽ നൽകിയിട്ടുളള ടെക്നിക്കൽ സ്പെസിഫിക്കേഷൻ (പൊതുവിദ്യാഭ്യാസ വെബ് സൈറ്റിൽ വീണ്ടും പ്രസിദ്ധീകരിച്ചിട്ടുണ്ട്) തുണി സപ്ലൈ ചെയ്യുന്ന കമ്പനികൾ കർശനമായും പാലിക്കുന്നുണ്ടെന്ന് പ്രധാനാദ്ധ്യാപകർ ഉറപ്പ് വരുത്തേണ്ടതാണ്.

സീനിയർ ഫിനാൻസ് ഓഫീസർ
**പൊതുവിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി**

1. എല്ലാ ഡി.ഡി.ഇ, ഡി.ഇ.ഒ, എ.ഇ.ഒ (എയ്ഡഡ് സ്കൂളുകളിലെ എച്ച്.എം- ന് സർക്കുലറിന്റെ കോപ്പി സഹിതം നിർദ്ദേശം നൽകേണ്ടതാണ്.)
2. എല്ലാ ജില്ലാ പ്രോജക്ട് ഓഫീസർമാർക്കും ബി.പി.ഒമാർ സർക്കാർ സ്കൂളുകളിലെ എസ്.എം.സി/എച്ച്.എം-ന് സർക്കുലറിന്റെ കോപ്പി സഹിതം നിർദ്ദേശം നൽകേണ്ടതാണ്.